**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1092** **02-02-2026 - ൽ മറുപടിയ്ക്ക്**

**ഭൂഗർഭ ജലചൂഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഭൂഗർഭജലത്തിന്റെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | **2008-ലെ കേരള സംസ്ഥാന ജലനയം പ്രകാരം (State Water Policy 2008)** ജലത്തിന്റെ ഉടമസ്ഥാവകാശം ഒരു പൊതുവിഭവമെന്ന നിലയിൽ സംസ്ഥാനത്തിൽ നിക്ഷിപ്തമാണ്; എന്നാൽ വ്യക്തികൾക്കും സമൂഹങ്ങൾക്കും സേവനദാതാക്കൾക്കും അതിന്റെ ഉടമസ്ഥാവകാശം ഇല്ലാതെ തന്നെ ജലം ഉപയോഗിക്കാനുള്ള അവകാശമുണ്ട്. |
| (ബി) | ഭൂഗർഭ ജലചൂഷണം അനുവദനീയമായ പരിധിയിൽ കൂടുതലാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഭൂഗർഭ ജലചൂഷണം അനുവദനീയമായ പരിധിയിൽ കൂടുതലാകുന്നതായി കണ്ടെത്തിയിട്ടില്ല. എന്നാൽ ഭൂജല ചൂഷണവുമായി ബന്ധപ്പെട്ട പരാതികൾ ലഭ്യമാകുമ്പോൾ ശാസ്ത്രീയ പഠനങ്ങൾ നടത്തി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഭൂജല ഉപഭോഗ നിരക്കിന്റെയും, വാർഷിക ഭൂജല സംപോഷണത്തിന്റെയും അടിസ്ഥാനത്തിൽ ഭൂജല സമ്പത്തിനെക്കുറിച്ച് നിശ്ചിത കാലയളവുകളിൽ കേന്ദ്ര ഭൂജല ബോർഡും, കേരള സംസ്ഥാന ഭൂജലവകുപ്പും സംയുക്തമായി പഠനം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ ഭൂജല സമ്പത്തിന്റെ കണക്കെടുപ്പ് സംബന്ധിച്ച ഭൂജല വിഭവ നിർണയ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. Ground Water resource Estimation Report (GEC-2024) പ്രകാരം ഭൂജല ഉപയോഗ തോതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ബ്ലോക്കുകളെ ഗുരുതര, ഭാഗിക ഗുരുതര, സുരക്ഷിത ബ്ലോക്കുകളായി തിരിച്ചിട്ടുണ്ട്. ഭൂജല വിനിയോഗ തോത് 100% -ത്തിലധികമുള്ള അമിതചൂഷിത ബ്ലോക്കുകൾ (over exploited) കേരളത്തിൽ നിലവിലില്ല. നിലവിൽ 3 ഗുരുതര ബ്ലോക്കുകളും (ചിറ്റൂർ, മലമ്പുഴ, കാസർഗോഡ് ബ്ലോക്കുകൾ ) 27 ഭാഗിക ഗുരുതര ബ്ലോക്കുകളും സംസ്ഥാനത്തുണ്ട്. ഭൂജല ചൂഷണമുള്ള മേഖലകളെ |

| | | | |
|---|---|---|---|
| | | | സംസ്ഥാന ഭൂജല അതോറിറ്റിയുടെ ശിപാർശയിന്മേൽ സർക്കാർ വിജ്ഞാപനം ചെയ്തു വരുന്നുണ്ട്. ഗുരുതര ബ്ലോക്കുകളായ പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകൾ, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് എന്നിവയാണ് സർക്കാർ നിലവിൽ വിജ്ഞാപനം ചെയ്തിട്ടുള്ള ബ്ലോക്കുകൾ. ഇത്തരം പ്രദേശങ്ങളിൽ ഏത് തരം ഭൂജല വികസനത്തിനും സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. ടി പ്രദേശങ്ങളിൽ ജലം അമിതമായി ഉപയോഗിക്കുന്ന (Water Intensive) വിഭാഗത്തിൽപ്പെട്ട വ്യാവസായിക സ്ഥാപനങ്ങൾക്ക് ഭൂജല ഉപയോഗത്തിനായി സംസ്ഥാന ഭൂജല അതോറിറ്റി നിലവിൽ നിരാക്ഷേപപത്രം (NOC) നൽകി വരുന്നില്ല. കൂടാതെ ഭൂജല സംരക്ഷണവും, സംപോഷണവും പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഭൂജല വിതാനം കുറഞ്ഞ മേഖലകളിൽ, ഭൂജല സുസ്ഥിരത ഉറപ്പു വരുത്തുന്നതിനായി ശാസ്ത്രീയമായ പഠനങ്ങൾ നടത്തി പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ റീചാർജ്ജ് പദ്ധതികൾക്കുള്ള പ്രൊപ്പോസലുകൾ വകുപ്പ് തയ്യാറാക്കി നടപ്പിലാക്കി വരുന്നുണ്ട്. 2016 -17 മുതൽ 2025 ഡിസംബർ വരെ ഭൂജല വകുപ്പ് 1312 വിവിധ ഭൂജല സംപോഷണ പ്രവൃത്തികൾ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ഭൂഗർഭജല ചൂഷണം നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | അശാസ്ത്രീയമായ ഭൂജല ഉപയോഗം നിയന്ത്രിക്കുന്നതിനും ഭൂജലസ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കേരള പഞ്ചായത്ത്/മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് അനുസരിച്ച് ഏതൊരു കിണർ നിർമ്മാണത്തിനും അതത് തദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിയുടെ മുൻകൂർ പെർമിറ്റ് കരസ്ഥമാക്കേണ്ടത് നിർബന്ധമാണ്. ഇതിൽ കുഴൽക്കിണറുകളുടെ (Borewells) നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കുന്നത് ഭൂജല വകുപ്പിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാകണം എന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>വ്യാവസായിക/അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി ഭൂജലസ്രോതസ്സുകളുടെ നിർമ്മാണത്തിന് ഭൂജല വകുപ്പിന്റെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നേടേണ്ടതും ടി ആവശ്യങ്ങൾക്കായി ഭൂജലം ഉപയോഗിക്കുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ നിരാക്ഷേപപത്രം (NOC) നിർബന്ധവുമാണ്. ഇത്തരം അനുമതികൾ കരസ്ഥമാക്കാതെ പ്രവർത്തിക്കുന്ന |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾക്കെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാന ഭൂജല അതോറിറ്റി NOC ലഭ്യമാക്കിയ വ്യാവസായിക/ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് അനുവദിക്കപ്പെട്ട അളവിൽ മാത്രം ഭൂജലം ഉപയോഗിക്കുന്നു എന്ന് നിരീക്ഷിക്കുവാൻ ഡിജിറ്റൽ വാട്ടർ മീറ്ററുകൾ സ്ഥാപിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ, പ്രദേശത്തെ സുസ്ഥിര ഭൂജല ലഭ്യത ഉറപ്പ് വരുത്തുന്നതിനായി മഴവെള്ള സംഭരണവും, കൃത്രിമ ഭൂജല റീചാർജ്ജിംഗ് സംവിധാനങ്ങളും ഭൂജല വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ നടപ്പിലാക്കി വരുന്നു.<br><br>ഒരു പ്രദേശത്തെ ഭൂജല ചൂഷണം നിയന്ത്രിക്കണമെന്നോ ക്രമീകരിക്കണമെന്നോ ആവശ്യമുള്ള പക്ഷം സംസ്ഥാന ഭൂജല അതോറിറ്റിയുടെ ശിപാർശയിന്മേൽ ആ പ്രദേശത്തെ 'വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശം' (Notified Area) ആയി സർക്കാർ പ്രഖ്യാപിക്കാറുണ്ട്. ഇത്തരത്തിൽ വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ (ചിറ്റൂർ, മലമ്പുഴ, കാസർഗോഡ് ബ്ലോക്കുകൾ) ഗാർഹിക ആവശ്യത്തിനുള്ള തുറന്ന കിണറുകൾ ഒഴികെയുള്ള മറ്റെല്ലാ ഭൂജല നിർമ്മിതികൾക്കും സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാണ്. ടി പ്രദേശങ്ങളിൽ ജലം അമിതമായി ഉപയോഗിക്കുന്ന (Water Intensive) വിഭാഗത്തിൽപ്പെട്ട വ്യാവസായിക സ്ഥാപനങ്ങൾക്ക് ഭൂജല ഉപയോഗത്തിനായി സംസ്ഥാന ഭൂജല അതോറിറ്റി നിലവിൽ നിരാക്ഷേപപത്രം (NOC) നൽകി വരുന്നില്ല. |

സെക്ഷൻ ഓഫീസർ